**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 233** **05-12-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ ചികിത്സാസൗകര്യം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പ്രധാന ആശുപത്രികളായ ഞാറക്കൽ താലൂക്ക് ആശുപത്രി, മാലിപ്പുറം, മുനമ്പം സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കിടത്തി ചികിത്സയും ആവശ്യത്തിന് ഡോക്ടർമാരുടെ സേവനവും ലഭ്യമല്ലാത്തതിനാൽ ദ്വീപ് നിവാസികൾ അനുഭവിച്ച് വരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | **വൈപ്പിൻ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി മുനമ്പം എന്ന സ്ഥാപനത്തിനെ 01.08.2021 ലെ സ.ഉ(സാധാ) നം.1633/2021/ആ.കു.വ പ്രകാരം ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാൻ തെരഞ്ഞെടുത്തു. ആയതിൻ പ്രകാരം 24.02.2022 ലെ സ.ഉ(സാധാ) നം. 443/2022/ആ.കു.വ അടിസ്ഥാന സൗകര്യ വികസനത്തിനു 35 ലക്ഷം തുക അനുവദിച്ചിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് ദേശീയ ആരോഗ്യ ദൗത്യം നടപടി സ്വീകരിച്ചു വരുന്നുണ്ട്. അധിക ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.**<br><br>**20.03.2020 ലെ സ.ഉ(സാധാ). 619/2020/ ആ.കു.വ പ്രകാരം പി.എച്ച്.സി മാലിപ്പുറം എന്ന സ്ഥാപനത്തിനെ ബ്ലോക്ക്തല കുടുബംരോഗ്യ കേന്ദ്രമായി ഉയർത്തുവാൻ തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി** 37.5 ലക്ഷം രൂപ ടി സ്ഥാപനത്തിനു അനുവദിച്ചിരുന്നു. ടി തുക ഉപയോഗപ്പെടുത്തി ഒ.പി/ ഫാർമസി നവീകരണ പ്രവർത്തികൾ നടന്നു വരുന്നു. നിലവിൽ ടി എഫ്.എച്ച്.സി-യിൽ സ്ഥിരം, താൽക്കാലിക ജീവനക്കാർ ഉൾപ്പെടെ 48 ജീവനക്കാരുടെ സേവനം ലഭ്യമാണ്. ആശുപത്രിയിലെ bed Strength 31 ഉം ഒ.പി സമയം രാവിലെ 9 മുതൽ വൈകുന്നേരം 6 മണിവരെയും ലഭ്യമാക്കുന്നുണ്ട്.<br><br>ഞാറക്കൽ താലൂക്കാശുപത്രിയിലെ ബെഡ് സ്റ്റ്രെങ്ങ്ത് 71 ആണ്. നിലവിൽ ഈ |

| | | | |
|---|---|---|---|
| | | | ആശുപത്രിയിൽ കിടത്തി ചികിത്സ നൽകുന്നുണ്ട്. വിവിധ വിഭാഗങ്ങളിലായി 36 സ്ഥിരം, താല്ക്കാലിക ജീവനക്കാരുടെ സേവനം ടി ആശുപത്രിയിൽ ലഭ്യമാണ്. ഞാറക്കൽ താലൂക്കാശുപത്രി സ്ഥിതി ചെയ്യുന്ന കൊച്ചി താലൂക്കിൽ ഫോർട്ട് കൊച്ചി, കരുവേലിപ്പടി എന്നീ താലൂക്ക്തല ആശുപത്രികളും പള്ളുരുത്തി താലൂക്കാശുപത്രിയും ഉണ്ട്. |
| (ബി) | ഞാറക്കൽ താലൂക്ക് ആശുപത്രിയിലും മാലിപ്പുറം, മുനമ്പം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മാലിപ്പുറം, മുനമ്പം എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. സി.എച്ച്.സി മാലിപ്പുറത്തിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുകയാണ്. സി.എച്ച്.സി മുനമ്പത്തിന്റെ പ്രവൃത്തിയുടെ ഡി പി ആർ തയ്യാറാക്കി വരുന്നു.<br><br>ഞാറക്കൽ താലൂക്ക് ആശുപത്രിയിൽ ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിലെ ഇലക്ട്രിക്കൽ വർക്ക് പൂർത്തിയാകുന്ന മുറയ്ക്ക് ടി കെട്ടിടത്തിൽ സേവനം ലഭ്യമാക്കുന്നതാണ്. ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ടി ആശുപത്രിയിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |

സെക്ഷൻ ഓഫീസർ